# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4010 12.12.2018-ൽ മറുപടിക്ക്**

### ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) ജോലിയിൽ പ്രവേശിച്ചതിനു ശേഷം നിയമപ്രകാരമുള്ള അവധിക്ക് അപേക്ഷ പോലും നൽകാതെ ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാരുടെ കണക്ക് ശേഖരിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;<br>(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര ഡോക്ടർമാരാണ് ഉള്ളതെന്ന് അറിയിക്കാമോ; | (എ) യും (ബി) യും അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോക്ടർമാരുടെ വിവരം ശേഖരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ ഇത്തരത്തിലുള്ള 447 ഡോക്ടർ മാരുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അവധി അപേക്ഷ സമർപ്പിക്കാതെ ജോലിക്ക് ഹാജരാകാത്ത 80 ഡോക്ടർമാരുണ്ട്. |
| (സി) സർക്കാർ ആശുപത്രികളിൽ നിയമവിധേയമായ ലീവിൽ അല്ലാതെ ജോലിക്ക് വരാതെ പാവപ്പെട്ട രോഗികളെ ബുദ്ധിമുട്ടിക്കുന്ന ഇത്തരക്കാരുടെ രജിസ്ട്രേഷൻ അടക്കം ക്യാൻസൽ ചെയ്യാനുള്ള നടപടി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ